(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കുമാരപിള്ള കമ്മീഷൻ ആനുകൂല്യം

*3 [385] *ശ്രീ. റോഷി അഗസ്റ്റിൻ:*
,, *തോമസ് ചാഴികാടൻ:*
,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികൾക്ക് നൽകിവരുന്ന കുമാരപിള്ള കമ്മീഷൻ ആനുകൂല്യം കൃത്യമായി നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആനുകൂല്യം യഥാസമയം വിദ്യാഭ്യാസ അധികൃതർവഴി നൽകുവാനും വിദ്യാർത്ഥികൾക്ക് ഇപ്പോൾ അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ;

(സി) 2004 അദ്ധ്യയനവർഷത്തിലെ പ്രസ്തുത വിദ്യാഭ്യാസ ആനുകൂല്യം പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പിന്നോക്ക പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ):*

(എ) ആനുകൂല്യം നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകാൻ കഴിയാതെവന്നത്.

പരിസ്ഥിതിപ്രശ്നങ്ങളെ സംബന്ധിച്ച് ശാസ്ത്രീയപഠനം

*4 [386] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന പരിസ്ഥിതിപ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് പഠനങ്ങൾ നടത്താൻ പരിസ്ഥിതി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly